# Phone call between Prime Minister and H.E. Benjamin Netanyahu, Prime Minister of Israel

June 10, 2020

---

# പ്രധാനമന്ത്രിയും ഇസ്രായേൽ പ്രധാനമന്ത്രി ശ്രീ ബെഞ്ചമിൻ നെതന്യാഹുവുമായുള്ള ടെലിഫോൺ സംഭാഷണം.

ജൂൺ 10, 2020

പ്രധാനമന്ത്രി ഇന്ന് ഇസ്രായേൽ പ്രധാനമന്ത്രിയായ ബെഞ്ചമിൻ നെതന്യാഹുവുമായി ടെലിഫോൺ സംഭാഷണം നടത്തി

പ്രധാനമന്ത്രി നെതന്യാഹുവിനെ അടുത്തിടെ ഓഫീസിൽ അംഗീകരിച്ചതിനെത്തുടർന്ന് അദ്ദേഹം അഭിനന്ദനങ്ങൾ അറിയിച്ചു കൂടാതെ PM നെതന്യാഹുവിന്റെ നേതൃത്വത്തിലും നിർദേശകത്വത്തിലും ഇന്ത്യ-ഇസ്രായേൽ പങ്കാളിത്തം കൂടുതൽ മെച്ചപ്പെടുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു.

ഗവേഷണം, വാക്സിൻ ,ചികിത്സാരീതികൾ കൂടാതെ രോഗ നിർണയരീതികൾ എന്നിവയുടെ വികാസം എന്നിങ്ങനെ കോവിഡ്-19 പശ്ചാത്തലത്തിൽ ഇന്ത്യയും ഇസ്രയേലും സഹകരിച്ചു പ്രവർത്തിക്കാൻ സാധ്യതയുള്ള മേഖലകളെക്കുറിച്ച് നേതാക്കൾ ചർച്ച ചെയ്തു.ഇരു രാജ്യങ്ങളിലെയും വിദഗ്ധരായ സംഘങ്ങൾ തുടർന്ന് വരുന്ന ഇടപാടുകൾ നില നിർത്തുന്നതിനും ഇതിന്റെ ഗുണഫലങ്ങൾ കൂട്ടായിത്തന്നെ മാനവരാശിയ്ക്ക് ലഭ്യമാക്കുന്നതിനും അവർ അനുകൂലിച്ചു.

ഉഭയകക്ഷി അഗാണ്ടയുടെ പ്രസക്തമായ വിഷയങ്ങൾ ഇരു നേതാക്കളും അവലോകനം ചെയ്യുകയും കോവിഡിന് ശേഷമുള്ള ലോകത്തിൽ വിവിധ മേഖലകളിൽ പരസ്പരം ഗുണഫലങ്ങൾ ഉള്ള പങ്കാളിത്തങ്ങൾ രൂപീകരിക്കാനാകുമെന്നു അനുകൂലിക്കുകയും ചെയ്തു. ആരോഗ്യ സാങ്കേതികവിദ്യ, കാർഷിക നവീകരണം, പ്രതിരോധ-സഹകരണം, വിവരസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഇതിനകം തന്നെ ശക്തമായ ഇന്ത്യ-ഇസ്രായേൽ സഹകരണം വിപുലീകരിക്കുന്നതിനുള്ള വലിയ സാധ്യത അവർ വിലയിരുത്തി.

വിലയിരുത്തലുകൾ ചർച്ച ചെയ്യുന്നതിന് സ്ഥിരമായ സമ്പർക്കം പുലർത്തുമെന്നും മാറുന്ന ആഗോള പരിസ്ഥിതിയ്ക്കനുസരിച്ച് ഉയർന്നു വരുന്ന അവസരങ്ങളിൽ പരസ്പര സമീപിക്കുന്നതായിരിക്കുമെന്നും ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**10 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.